വേണ്ടി മാത്രം ബാർ ലൈസൻസുകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) നിലവിലുള്ള എല്ലാ ബാർ ലൈസൻസുകളും നിയമമനുസരിച്ച് വർഷാവർഷം പുതുക്കേണ്ടതാണ്. ഇതനുസരിച്ച് അപേക്ഷ സമർപ്പിച്ച എല്ലാ ലൈസൻസുകളും നിയമാനുസരണം പുതുക്കിക്കൊടുത്തിട്ടുണ്ട്.

(സി) വിദേശ മദ്യചട്ടം 13 എ സബ്റൂൾ 5-ൽ പുതിയ വിദേശമദ്യ ലൈസൻസുകൾ നൽകാൻ പാടില്ലാത്ത നിബന്ധനകളാണ് വിവരിക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ഉണ്ട്.

(ഐ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8/4/97 ലെ ഒ.പി. നമ്പർ 4506/97 സി.എം.പി. നമ്പർ 8319/97 ഇടക്കാല ഉത്തരവിന്റെയും സർക്കാരിന്റെ 5.5.97-ലെ ജി.ഒ. (ആർ.ടി) നമ്പർ 247/97/നി.വ. ഉത്തരവിന്റെയും ഹോട്ടൽ ഉടമ ശ്രീ. മാത്യു ജോസഫ് ഫയൽ ചെയ്ത ജി.എം.പി. നമ്പർ 3941/97 (റി അപ്പീൽ നമ്പർ 815/97) ന്റെ 9.9.97 ലെ ഉത്തരവിന്റെയും വെളിച്ചത്തിലാണ് ലൈസൻസ് പുതുക്കി നൽകിയതും സ്ഥലംമാറ്റി നൽകിയതും

(ജെ) 19.9.91 ൽ ഹോട്ടൽ റിവേരയ്ക്ക് ലൈസൻസ് നൽകി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ 18.9.91-ലെ സർക്കാർ ഉത്തരവ് എക്സൈസ് കമ്മീഷണർക്ക് ലഭിച്ചിരുന്നില്ല. ലൈസൻസിനായി ശ്രീ. മാത്യു ജോസഫ് രണ്ട് ലക്ഷം രൂപ ട്രഷറിയിൽ അടയ്ക്കുകയുണ്ടായി.

(കെ) നൽകിയിരുന്നു.

(എൽ) അന്നത്തെ എക്സൈസ് കമ്മീഷണർ ഈ കാര്യം സർക്കാരിന്റെ തീരുമാനത്തിന് നൽകുകയുണ്ടായി.

(എം) ഇല്ല. ബന്ധപ്പെട്ട കോടതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(എൻ) ഹോട്ടൽ കമ്പനിയുടെ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ നിരസിച്ചുകൊണ്ട് 19/12/2000-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

ആര്യങ്കാവ് ചെക്കുപോസ്റ്റിലൂടെ കടത്തിവിട്ട സ്പിരിറ്റ്

78 (412) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19.6.99-ൽ ആര്യങ്കാവ് ചെക്ക്പോസ്റ്റിലൂടെ കടത്തിവിട്ട സ്പിരിറ്റ് ലോറികളിൽ, തിരുനെൽവേലിയിലെ ധരണി ഷുഗർ മില്ലിൽനിന്ന് ഗോവയിലെ കസറവാൾ ഡിസ്റ്റിലറിയിലേയ്ക്കുള്ള സ്പിരിറ്റ് കൊണ്ടുപോയതാണെന്ന് രേഖയുണ്ടായിരുന്നുവോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്പിരിറ്റ് കസറവാൾ ഡിസ്റ്റിലറിയിൽ എത്തിയതായി ഫാക്സ് സന്ദേശം കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ;

(സി) ഈ സ്പിരിറ്റ് കൊല്ലം ജില്ലയിൽ വ്യാപാരം നടത്തിയതായി 17.8.99, 20.11.99 എന്നീ തീയതികളിൽ എക്സൈസ് വകുപ്പിലെ വിജിലൻസ് ഓഫീസർ ശ്രീ. പീതാംബരൻപിള്ള സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്പിരിറ്റ് കൊല്ലം ജില്ലയിൽ വിൽക്കുന്നതിന് സഹായിച്ചവരുടെ പേരുവിവരങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നുവോ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളവർ ആരെല്ലാമാണ്;

(എഫ്) അവരുടെ മേൽ എന്തു നടപടിയെടുത്തു?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) കിട്ടിയിരുന്നു. തുടർന്നുള്ള അന്വേഷണത്തിൽ ടി ഫാക്സ് സന്ദേശം വ്യാജമായി ചമച്ച രേഖയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 20.11.99 ൽ റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചുകാണുന്നില്ല. 17.8.99 ലും 12.11.99 ലും സമർപ്പിച്ച രണ്ടു റിപ്പോർട്ടുകളിൽ വിജിലൻസ് ഓഫീസർ 12.11.99 ൽ സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ വ്യാപാരം ചെയ്തതായി സംശയിക്കുന്നതായി പറഞ്ഞിട്ടുണ്ട്.

(ഡി) ഇല്ലായിരുന്നു.

(ഇ) പ്രസ്തുത റിപ്പോർട്ടിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വർഗ്ഗീസ് ഐസക്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എൻ.കെ. കനകരാജൻ എന്നീ ഉദ്യോഗസ്ഥർക്കെതിരെ പരാമർശമുണ്ട്.

(എഫ്) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം ആവശ്യമുണ്ടെന്ന് എക്സൈസ് വിജിലൻസ് ആഫീസറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന പ്രകാരം പോലീസ് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തിവരുന്നു. ടി അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

എക്സൈസ് വകുപ്പിലെ സ്ഥലംമാറ്റം

79 (413) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു നോട്ടിഫിക്കേഷൻ ഇറങ്ങിയശേഷം എക്സൈസ് വകുപ്പിൽ സ്ഥലം മാറ്റം നടത്തിയിട്ടുണ്ടോ;

(ബി) ഈ സ്ഥലംമാറ്റം ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും അനുസൃതമായാണോ എന്ന് വ്യക്തമാക്കുമോ;

(സി) തെരഞ്ഞെടുപ്പു നടപടി തുടങ്ങിക്കഴിഞ്ഞശേഷം സ്ഥലംമാറ്റം നൽകുന്നതിനുള്ള കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly